പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1530      14.12.2012-ൽ മറുപടിക്ക്

## യുദ്ധകാലാടിസ്ഥാനത്തിൽ മാലിന്യ സംസ്കരണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശിവൻകുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് മാലിന്യ സംസ്കരണ പ്രശ്നം പരിഹരിക്കപ്പെടാത്തതു കാരണം കൊതുക്, ഈച്ച, എലി തുടങ്ങിയ ജീവികൾ മുഖേനയുള്ള രോഗങ്ങൾ പടർന്ന് പിടിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഇല്ല. |
| ബി) നിരവധി പദ്ധതികൾ മാലിന്യ സംസ്കരണത്തിനായി പ്രഖ്യാപിച്ചുവെങ്കിലും ഒന്നും തന്നെ പ്രാവർത്തികമായിട്ടില്ലാത്ത സാഹചര്യത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ മാലിന്യ സംസ്കരണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | ബി) ഉറവിട മാലിന്യ സംസ്ക്കരണത്തിന് പ്രാമുഖ്യം നൽകി വീടുകളിലും സ്ഥാപനങ്ങളിലും അനുയോജ്യമായ ലഘുവായ സാങ്കേതിക വിദ്യകൾ അംഗീകരിക്കാനും അവയുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിക്കാനും അവയ്ക്കുള്ള സബ്സിഡി കമ്പോസ്റ്റ് സംവിധാനങ്ങൾക്ക് 90% ആയി ഉയർത്താനും ബയോഗ്യാസ് പ്ലാന്റുകൾക്ക് 75% ആയി ഉയർത്താനും കഴിഞ്ഞിട്ടുണ്ട്. 2011-12 സാമ്പത്തിക വർഷത്തിൻ 49.50 കോടി രൂപയോളം തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്കായി നൽകിട്ടുണ്ട്.<br>നവീന പ്ലാന്റുകൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്ത് ചാലയിൽ പ്രതിദിനം 35 ടൺ മാലിന്യം സംസ്കരിക്കാനുള്ള പ്ലാന്റ് സ്ഥാപിക്കാനുള്ള കൺസെഷൻ എഗ്രിമെന്റ് ലോറോ ഗ്രീൻ എനർജി പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ഒപ്പിട്ടിട്ടുണ്ട്. 6 മാസത്തിനുള്ളിൽ ഈ പ്ലാന്റ് പ്രവർത്തനം സജ്ജമാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.കോട്ടയം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ നവീന പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. നവീന പ്ലാന്റുകൾ പിപിപി (പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ്) അടിസ്ഥാനത്തിൽ സ്വകാര്യ മൂലധനത്തോടെയാണ് സ്ഥാപിക്കാൻ നടപടി എടുത്തു വരുന്നത്. |

സെക്ഷൻ ഓഫീസർ